കുട്ടനാട്ടെ കർഷകർക്ക് നൽകിയ സഹായങ്ങൾ

788. [1158] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടെ കർഷകർക്ക് പമ്പിംഗ് സബ്സിഡി, മട അടയ്ക്കാൻ സാമ്പത്തിക സഹായം, ആഫ്രിക്കൻ പായൽ വാരുന്നതിനുള്ള സഹായം എന്നീ ഓരോ ഇനങ്ങളിലും, 1977.78 കൊല്ലത്തിലും 1979 ജനുവരി അവസാനം വരെയും എത്ര സംഖ്യ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനങ്ങളിലല്ലാതെ മറെറന്തെങ്കിലും സഹായം ഈ കാലയളവിൽ ഇവർക്ക് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ഇനങ്ങളിൽ എത്ര സംഖ്യ വീതം?

ഉത്തരം

(എ) പമ്പിംഗ് സബ്സിഡി:

1977.78-ൽ	9,98,714.27 രൂപ
1979 ജനുവരി അവസാനം വരെ	22,31,213.37 രൂപ
മട അടയ്ക്കുന്നതിന്:	
1977.78-ൽ	3,01,697.60 രൂപ
1979 ജനുവരി അവസാനം	1,43,245.50 രൂപ
പായൽ വാരുന്നതിന്:	
1977.78-ൽ	59,598.55 രൂപ
1979-ൽ	ഒന്നും നൽകിയിട്ടില്ല

(ബി) ഉണ്ട്.

(സി) 1978 നവംബറിൽ ഉണ്ടായ വെള്ളപ്പൊക്കംമൂലം കൃഷി നശിച്ചവർക്ക് ബണ്ടുകളുടെ കേടുപാടുകൾ തീർക്കുന്നതിനും നിലങ്ങളിൽ നിന്നും മണ്ണു വാരി നീക്കുന്നതിനും ഏക്കറിന് 50 രൂപ എന്ന തോതിൽ നൽകുന്നുണ്ട്. കൂടാതെ കൃഷി ഡിപ്പാർട്ടുമെൻറിൽനിന്നും വിത്തുകളും മറ്റു തൈകളും സൗജന്യമായി നൽകുന്നുണ്ട്. കൃഷി ഡിപ്പാർട്ടുമെൻറിൽനിന്നും അല്ലാതെ മറ്റു സ്ഥലങ്ങളിൽനിന്നും വിത്തു വാങ്ങിയവർക്ക് സ്വന്തം വിത്തുകൾ ഉപയോഗിച്ചവർക്ക് കിലോ ഗ്രാമിന് 1.50 രൂപാ എന്ന ക്രമത്തിൽ ഒരു ഹെക്ടറിന് 90 രൂപയിൽ കവിയാത്ത തരത്തിൽ സബ്സിഡി നൽകുന്നതാണ്. കൂടാതെ കൃഷി ഡിപ്പാർട്ടുമെൻറ് നടപ്പിലാക്കുന്ന മറ്റു മേജർ പദ്ധതികളും കുട്ടനാട്ടിൽ നടപ്പിലാക്കുന്നുണ്ട്. ഓരോ ഇനത്തിലും എത്ര ചിലവായി എന്ന കണക്ക് ശേഖരിച്ചിട്ടില്ല.

റബർ കൃഷിക്കാരുടെ പ്രശ്നങ്ങൾ

789. [1161] ശ്രീമതി മോർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റബർ കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതു കൃഷിക്ക് സബ്സിഡി കൊടുക്കുന്നതിനെ സംബന്ധിച്ച് വല്ല നിർദ്ദേശവും നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) റബർ ബോർഡും അതിന്റെ കീഴിലുള്ള റബർ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടും മുഖേന റബർ കൃഷിക്കാരുടെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുകയും അവയ്ക്കുള്ള പരിഹാരങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ താഴെപ്പറയുന്ന സഹായങ്ങൾ റബർ കൃഷിക്കാർക്ക് നൽകി വരുന്നുണ്ട്.

1. റീപ്ലാന്റിംഗിനും, സ്പ്രേയിംഗിനും വളം ചേർക്കുന്നതിനും, പുകപ്പുര ഉണ്ടാക്കുന്നതിനും സബ്സിഡി.

2. കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനും വളർച്ച എത്താത്ത റബർ മരങ്ങളെ പരിപാലിക്കുന്നതിനും വായ്പ.

3. റബർ കോ.ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് റബർ റോളർ വാങ്ങി കൃഷിക്കാർക്ക് നൽകുന്നതിനും മറ്റും പലിശയില്ലാവായ്പ.

4. റബർ ബോർഡിലെ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം റബർ കൃഷിക്കാർക്ക് സൗജന്യമായി നൽകുക.

5. കൂടുതൽ ഉൽപ്പാദന ശേഷിയുള്ള റബർ തൈകൾ വിതരണം ചെയ്യുക. ചെറുകിട കൃഷിക്കാർക്ക് സൗജന്യ നിരക്കിലും.

(ബി) പുതുതായി കൃഷി തുടങ്ങുന്നവർക്കും സബ്സിഡി നൽകുന്നതിന് ഒരു സ്കീം റബർ ബോർഡ് ആവിഷ്കരിച്ച് ഇൻഡ്യാ ഗവൺമെന്റിന്റെ അംഗീകാരത്തിനായി അയച്ചു കൊടുത്തിട്ടുണ്ട്.

(സി) ഈ പദ്ധതി അനുസരിച്ച് 20.23 ഹെക്റ്റർ (50 ഏക്കർ) വിസ്തീർണ്ണത്തിൽ കുറവുള്ള സ്ഥലത്ത് കൃഷി ചെയ്യുന്നവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളു. അവർക്ക് താഴെ പറയുന്ന സഹായങ്ങൾ ലഭിക്കുന്നതാണ്.

1. ഏഴു തവണകളായി ഹെക്റ്ററിന് 7500 രൂപ നിരക്കിലുള്ള ധനസഹായം.

2. ബോർഡിൽനിന്നും റബർ തൈകൾ ഉൽപ്പാദന വിലയ്ക്ക് നൽകുക.

3. മരുന്നു തളിക്കുന്നതിന് മരുന്നിന്റെ വിലയുടെ 50 ശതമാനം സബ്സിഡി.

4. റബർ കൃഷിയുടെ എല്ലാ ഘട്ടത്തിലും സൗജന്യമായ വിദഗ്ദ്ധോപദേശം.

5. ആറ് ഹെക്റ്ററിന് താഴെയുള്ള സ്ഥലത്ത് കൃഷി ചെയ്യുന്നവർക്ക് ഇവയ്ക്കു പുറമേ പ്ലാന്റിംഗ് ഉപകരണങ്ങൾക്കും, വളത്തിനും, മണ്ണൊലിപ്പ് തടയുന്നതിനും സബ്സിഡി ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly